A

912

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2023-24

## മലയാളം

ക്ലാസ് : 9

**അടിസ്ഥാന പാഠാവലി**

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

1. " പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ-
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം."

(അതേപ്രാർഥന)

മാകന്ദം എന്ന പദത്തിന്റെ അർഥമായി വരുന്നത് ഏത്?

- തണൽ
- വസന്തം
- തേന്മാവ്
- മാണിക്യം

2. "എട്ടുംപൊട്ടും തിരിയാത്ത പിള്ളാർക്കാണോ രണ്ടു പിള്ളാരുടെ അച്ഛനായ നിങ്ങൾക്കാണോ ഇപ്പോ കളിപ്രായവും വിവരമില്ലായ്മയും?"

(ഹരിതമോഹനം)

സുമന അരവിന്ദാക്ഷനോട് ഇങ്ങനെ ചോദിക്കാനിടയായ സാഹചര്യം എന്ത്?

- ഭൂമി വാങ്ങാനുള്ള പണം ധൂർത്തടിക്കുന്നു
- ഇലഞ്ഞിമരത്തൈ ചട്ടിയിൽ നടാനൊരുങ്ങുന്നു
- ലിഫ്റ്റിൽ മണ്ണുവീഴ്ത്തി വൃത്തികേടാക്കുന്നു
- കാർപോർച്ചിനരികിൽ കണിക്കൊന്ന നടുന്നു

3. "നദി ഗർത്തത്തിൽ പതിച്ചതിനുശേഷമുള്ള അതിന്റെ <u>ഭീകരപരിണാമങ്ങൾ</u> ഇവിടെയാണ് കാണാൻ കഴിയുക." അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- ഭീകരമായ പരിണാമങ്ങൾ
- ഭീകരവും പരിണാമവും
- ഭീകരത്തിന്റെ പരിണാമങ്ങൾ
- ഭീകരത്താലുള്ള പരിണാമങ്ങൾ

4. " സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചുണ്ടി."

(അതേ പ്രാർഥന)

കാവ്യഭാഗത്തിന്റെ ആശയത്തിന് അനുയോജ്യമായത് ഏത്?

- അഹങ്കാരം അറിവിന്റെ ലക്ഷണമാണ്.
- അനധ്യായങ്ങൾ പഠിക്കാൻ പാടില്ല.
- അറിവു കൂടുന്തോറും വിനയം കുറയുന്നു.
- ഐശ്വര്യം കൂടുന്തോറും വിനയവും കൂടുന്നു.

5. ശരിയായ പദച്ചേരുവ കണ്ടെത്തി എഴുതുക.

- പാറ, പിളർപ്പ് - പാറപ്പിളർപ്പ്
- വെള്ള, ച്ചാട്ടം - വെള്ളച്ചാട്ടം
- കട്ടി, യാക്കുക - കട്ടിയാക്കുക
- വക്കിൽ, ലെത്തുക - വക്കിലെത്തുക

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.
(2 സ്കോർ വീതം) (2x2 = 4)

6. "വിക്ടോറിയാ വെള്ളച്ചാട്ടത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയത് നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്കു പിടിതരുന്നില്ല എന്നതാണ്."

'പിടിതരുന്നില്ല' എന്ന പ്രയോഗം നൽകുന്ന അർഥസൂചനകൾ എന്തെല്ലാം?

7. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.

- അന്നുമുഴുവൻ ബാങ്ക് വായ്പകളെപ്പറ്റി ഞാനേറെ ആലോചിച്ചു.
- റിയൽ എസ്റ്റേറ്റുകാർ കൊള്ളയടിച്ച സാധാരണക്കാരന്റെ സ്ഥലസ്വപ്നത്തെപ്പറ്റിയും ഞാനേറെ ആലോചിച്ചു.

8. "എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർല്ലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു."

(അതേ പ്രാർഥന)

അടിവരയിട്ട കാവ്യഭാഗം സൂചിപ്പിക്കുന്നത് എന്തെല്ലാം?

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5x4= 20)

9. "ആ മരങ്ങൾ വലുതാകുമ്പോൾ അതിനിടയിൽ പണിയുന്ന വീട്ടിൽ സുമനയും ഞാനും തനിച്ച് വാർധക്യം പങ്കിടുമായിരുന്നു. ഇടയ്ക്കിടെ ഞങ്ങളെ കാണാൻ മക്കൾ കുടുംബ സമേതം വരുമായിരുന്നു. ഞങ്ങൾക്കുവേണ്ടി ചെമ്പകം അപ്പോഴും പൂക്കുമായിരുന്നു."

(ഹരിതമോഹനം)

നൽകിയ സൂചനയും മറ്റു കഥാസന്ദർഭങ്ങളും വിശകലനം ചെയ്ത് അരവിന്ദാക്ഷന്റെ പ്രതീക്ഷകളെക്കുറിച്ച് എഴുതുക.

10. "വേറെന്തുള്ളു വരമെങ്കൽ, ദേവനാക്രോശിച്ചു, സാധോ
വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പു വീണ്ടും!"

"സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
ദരിദ്രന്റെ മരവിപ്പാണസഹനീയം!"

(അതേ പ്രാർഥന)

വസന്തദേവന്റെയും തെന്മാവിന്റെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. "അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്? എങ്കിൽ അമ്മേം ചീത്ത പറയും. മണ്ണ് ഇച്ചീച്ചിയാ."

(ഹരിതമോഹനം)

അഞ്ചുവയസ്സു മാത്രമുള്ള പീലിയിൽ ഇത്തരം മനോഭാവം രൂപപ്പെട്ടതിനുള്ള കാരണങ്ങൾ എന്തൊക്കെയാവാം? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

12. "കരയിൽനിന്നു കരയിലേക്കു പടർന്നുകിടന്ന നീലജലപ്പരപ്പ് ഒറ്റ നിമിഷത്തിൽ ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽ നിന്ന് പൊങ്ങുന്ന പുകമഞ്ഞിൻകോട്ടയായിത്തീരുന്നു."

(വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)

സഞ്ചാരി എന്ന നിലയിൽ തന്റെ ദൃശ്യാനുഭൂതികൾ പകർന്നുതരാൻ സക്കറിയയ്ക്കു കഴിഞ്ഞിട്ടുണ്ട്. പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ഈ പ്രസ്താവനയോടു പ്രതികരിക്കുക.

13. "വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളു
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറീ കൊമ്പുകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണു."

വരികളിലെ ആശയഭംഗി കണ്ടെത്തി എഴുതുക.

14 • "പൂക്കൾ വിടരുന്ന ഒരു ചെടി തൊട്ടടുത്തു വളരുന്നത് മക്കൾക്ക് ഇനി മുതൽ കാണാം."

• "ടെറസിൽ ഇലഞ്ഞിക്കടുത്തായി ചെമ്പകവും ഞാൻ വച്ചു. രണ്ടു മരത്തെ ഒന്നിച്ചു കണ്ടപ്പോൾ മനസ്സിനു വല്ലാത്തൊരു സന്തോഷം തോന്നി."

(ഹരിതമോഹനം)

"ഇത്തിരിമണ്ണില്ലാതെത്രപേർ കൂടുപോൽ
കൊച്ചുവീടെത്ര; പുവെങ്ങു പിന്നെ!"

(പുതുവർഷം)

കവിതാഭാഗം മുന്നോട്ടു വെക്കുന്ന ആശങ്കകൾക്ക് പരിഹാരമാകാൻ അരവിന്ദാക്ഷന്റെ പ്രവൃത്തികൾക്ക് സാധിക്കുന്നുണ്ടോ? മുകളിൽ തന്നിട്ടുള്ള സൂചനകൾകൂടി പരിഗണിച്ച് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)

15. " എതിരെ വെള്ളച്ചാട്ടവും നോക്കിക്കൊണ്ട് ആ മഴക്കാട്ടിലെ ഒരു വള്ളിക്കുടിലിൽ ഞാൻ കഴിച്ചുകൂട്ടിയ മണിക്കൂറുകൾ മറക്കാവുന്നവയല്ല." (എസ്.കെ. പൊറ്റെക്കാട്ട്)

ഇത്തരത്തിലുള്ള യാത്രാനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടാകുമല്ലോ. ഏറ്റവും ആകർഷകമായി തോന്നിയ ഒരു യാത്രയുടെ അനുഭവം വിവരിക്കുക.

16. "അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്?" (തന്മയ)

"അതിനുവല്ല മണിപ്ലാന്റും പോരേ? അതാവുമ്പോ വെള്ളം മതിയല്ലോ. അല്ലെങ്കി ഒറിജിനലിനെ വെല്ലുന്ന പ്ലാസ്റ്റിക് ചെടി കിട്ടും." (രാജൻപിള്ള)

"നോക്കെടീ, ഇല വരുന്നതു കണ്ടോ? നമ്മുടെ സ്വന്തം പറമ്പില് ഇവനെ ഞാനൊരിക്കൽ കുഴിച്ചുവെയ്ക്കും." (അരവിന്ദാക്ഷൻ)

പ്രകൃതിയോടുള്ള മനുഷ്യരുടെ സമീപനങ്ങളിൽ എക്കാലത്തും വൈവിധ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ തന്നിട്ടുള്ള സൂചനകളും ആനുകാലിക സംഭവങ്ങളും പരിഗണിച്ച് 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. പിന്നത്തെ വസന്തത്തോടുമർഥിക്കയായ്, "ഭഗവാനേ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം."

(അതേ പ്രാർഥന)

സ്വയം വേദനിച്ചുകൊണ്ട് മറ്റുള്ളവർക്ക് ആശ്രയമാകുന്ന തേന്മാവിനെപ്പോലുള്ളവർ ഇന്നത്തെ സമൂഹത്തിൽ കുറഞ്ഞുവരികയാണോ? നിങ്ങളുടെ കണ്ടെത്തലുകൾ ഉൾപ്പെടുത്തി 'കാത്തുസൂക്ഷിക്കേണ്ട ജീവിതനന്മകൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

---